<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 81 | 28.10.2019 - ൽ മറുപടിക്ക് |

<u>ആർ.കെ.ഐ സെക്രട്ടേറിയറ്റ്</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ. ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | കേരളത്തിലെ പ്രളയാനന്തര പുനർനിർമ്മാണത്തിനായി ആർ.കെ.ഐ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ടോ, എങ്കിൽ ഇതിന്റെ ചുമതലകളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിക്കുമോ; | (എ) | ഉണ്ട്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തന ക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക, എന്നിങ്ങിനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.<br><br>പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളുടെ പ്രയോഗം, നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമതാ |

ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂട്ടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചു കൊണ്ട് കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവ് ഊന്നൽ നൽകുന്നത്. മേൽപറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽ നിന്നും നിർവ്വഹണ യോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. ഇക്കാര്യങ്ങൾ ഏകോപിപ്പിക്കാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവും വിദഗ്ധരും ഉൾപ്പെടുന്ന ഉപദേശകസമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും, മൂന്നംഗ ആർ.കെ.ഐ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും സ്ഥാപനതല പിന്തുണ സംവിധാനവും പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ആർ.കെ.ഐ. സെക്രട്ടറിയേറ്റും പ്രവർത്തിക്കുന്നു. പ്രളയാനന്തര കേരളത്തിന്റെ മുഴുവൻ പുനർനിർമാണ പ്രക്രിയകളും ആർ.കെ.ഐ യുടെ കീഴിൽ വരുന്നതാണ്. ഇവയ്ക്ക് ഭരണസഹായം നല്കുന്നത് ആർ.കെ.ഐ സെക്രട്ടറിയേറ്റിന്റെ ചുമതലയിൽപ്പെടുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രളയദുരിതാശ്വാസ ഫണ്ട് കൈകാര്യം ചെയ്യുന്ന ചുമതല ആർ.കെ.ഐ സെക്രട്ടേറിയറ്റിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ; | (ബി) | ഇല്ല. |
| (സി) | ആർ.കെ.ഐ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ? | (സി) | ഉണ്ട് . ആർ.കെ.ഐ സെക്രട്ടേറിയറ്റിന്റെ റവന്യൂ ചെലവുകൾക്കായി "3475-00-115-99-കേരളപുനർനിർമാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ" എന്ന ശീർഷകത്തിൽ 2019-20 വർഷത്തേക്ക് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ